**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1472** **28-07-2021 - ൽ മറുപടിയ്ക്ക്**

**കർഷകർക്ക് ഗൺ ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | വന്യമൃഗങ്ങളിൽ നിന്ന് കൃഷി സംരക്ഷിക്കുന്നതിനായി കാസർഗോഡ് ജില്ലയിൽ എത്ര കർഷകർക്ക് നാളിതുവരെ ഗൺ ലൈസൻസ് നൽകിയിട്ടുണ്ടെന്നറിയിക്കാമോ; | (എ) | 780 |
| (ബി) | പ്രസ്തുത ഗൺ ലൈസൻസ് പുതുക്കി നൽകുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്രയെണ്ണം പുതുക്കി നൽകിയിട്ടുണ്ടെന്നും പുതുക്കി നൽകാതെ നിരസിച്ച എത്ര അപേക്ഷകൾ ഉണ്ടെന്നും വിശദമാക്കാമോ; | (ബി) | 2021 ജൂൺ വരെ 356 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 19 ലൈസൻസുകൾ പുതുക്കി നൽകുകയും 15 എണ്ണം നിരസിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 322 അപേക്ഷകളിൽ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഇപ്രകാരം അപേക്ഷകൾ നിരസിക്കാനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കാമോ; | (സി) | ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ടിന്റെയും, 2016-ലെ ആയുധ ചട്ടങ്ങൾ, ചട്ടം-35, ഉപചട്ടം-1ൽ കാർഷിക വിളകളുടെ സംരക്ഷണാർത്ഥം തോക്ക് ലൈസൻസ് അനുവദിക്കുന്നത് 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമാവണമെന്ന്നിഷ്കർഷിച്ചിട്ടുണ്ട്. അതുപ്രകാരവും ആരോഗ്യപരമായി കൈകാര്യം ചെയ്യാനുള്ള പ്രാപ്തിയും വിലയിരുത്തി മാത്രമാണ് ലൈസൻസുകൾ അനുവദിക്കുന്നത്. അപ്രകാരം യോഗ്യമല്ലാത്തവ നിരസിക്കുകയാണ് ചെയ്യുക. |
| (ഡി) | പ്രസ്തുത ജില്ലയിൽ വന്യമൃഗ ശല്യം രൂക്ഷമായ ഇന്നത്തെ സാഹചര്യത്തിൽ കർഷകരുടെ നിരസിച്ച ഗൺലൈസൻസ് പുതുക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | 1959-ലെ ആയുധ നിയമം, 2016-ലെ ആയുധ ചട്ടം എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അപേക്ഷ നിരസിച്ചതിനെതിരെ 30 ദിവസത്തിനകം അപ്പീൽ അധികാരിയായ ലാന്റ് റവന്യൂ കമ്മീഷണറെയാണ് സമീപിക്കേണ്ടത്. ലാന്റ് റവന്യൂ കമ്മീഷണർക്ക് പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുവാൻ അധികാരമുണ്ട്. |

സെക്ഷൻ ഓഫീസർ